# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 718 — 29.09.2016-ൽ മറുപടിയ്ക്ക്

## ദേശീയ നിലവാരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) അഞ്ച് വർഷ ഗ്യാരന്റിയോടെ ദേശീയ നിലവാരത്തിൽ പുനരുദ്ധരിച്ച റോഡുകൾ നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം തന്നെ തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം അന്വേഷിക്കുമോ; | (എ) അഞ്ച് വർഷ ഗ്യാരന്റിയോട്കൂടി നിർമ്മാണം പൂർത്തിയാക്കിയ ചില റോഡുകൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപണികൾ ശ്രദ്ധയിൽപ്പെട്ടവ ഗ്യാരൻറി പിരീഡിനുള്ളിൽ അതാത് കരാറുകാരെ കൊണ്ടുതന്നെ കേടുപാടുകൾ തീർത്തുവരുന്നു.<br>റോഡു നിർമ്മാണത്തിന് ശ്രദ്ധ കുറവായിരുന്നു. |
| (ബി) ഇത്തരത്തിൽ തകരുന്ന റോഡിന്റെ ഭാഗങ്ങൾ നിലവാരമില്ലാത്ത ടാർ ഉപയോഗിച്ച് കരാറുകാരൻ തന്നെ അറ്റകുറ്റപ്പണി നടത്തുന്നത് തടയാൻ എന്തെങ്കിലും മാർഗ്ഗം നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) ബിറ്റുമിൻഎമൽഷൻ ഉപയോഗിച്ച് Tack Coat ചെയ്തതിനു ശേഷം ടാർ മിക്സ് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. നിലവാരമില്ലാത്ത ടാർ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കരാറിലെ വ്യവസ്ഥകളനുസരിച്ച് കരാറുകാരനെതിരെ നടപടികൾ എടുക്കുന്നതായിരിക്കും.ടാർ ഉപയോഗിക്കുന്നതിൽവലിയ ക്രമക്കേടുകൾ നടക്കുന്നതായി സർക്കാരിന് സംശയമുണ്ട്. |
| (സി) ദേശീയ നിലവാരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് പരിശോധന നടത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ; | (സി) പൊതുമരാമത്ത് വകുപ്പിന്റെ ക്വാളിറ്റി മാന്വൽ അനുശാസിക്കുന്ന പ്രകാരം പൊതുമരാമത്ത് വകുപ്പ് Quality Control വിഭാഗം Inspection നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആണ് പ്രവർത്തി നടത്തുന്നത്. ദേശീയ പാത ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ ആധുനിക സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ |

| | | |
|---|---|---|
| | | കോൺട്രാക്ടർ സ്ഥാപിക്കേണ്ടതാണ്. ടെസ്റ്റുകൾ ദേശീയപാത യുടെ കീഴിലുള്ള ഗുണനിലവാര പരിശോധ വിംഗിന്റെ മേൽനോട്ട ത്തിലാണ് നടത്തുന്നത്. |
| (ഡി) | റാന്നി നിയോജക മണ്ഡലത്തിലെ മണ്ണാറക്കുളഞ്ഞി-ചാലക്കയം ശബരിമല പാതയുടേയും റാന്നി-കോഴഞ്ചേരി റോഡിന്റെയും നിർമ്മാണത്തിൽ അപാകതയുള്ള തായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) ഉണ്ട്. റോഡുകളുടെ നിർമ്മാണത്തിൽ അപാകതകൾ ഉണ്ടോ എന്ന് Vigilance & Anti Corruption Bureau പരിശോധിച്ച് ക്രമക്കേടുകൾ ഇല്ലായെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

ആരോപണങ്ങളുടെ ചുരുക്കം ;

ശബരിമല റോഡ് വികസനവുമായി ബന്ധപ്പെട്ട മണ്ണാരക്കുളഞ്ഞി - ചാലക്കയം റോഡ് ഗ്യാരണ്ടീഡ് സ്കീമിൽ പണിതതാണെന്നും, ഒരു വർഷം കൊണ്ട് തകർന്ന് പോയി എന്നുള്ളതാണ് ആരോപണ ചുരുക്കം.

ഈ ആരോപണത്തെ സംബന്ധിച്ച് ശ്രീ.ബൈജുകുമാർ, പോലീസ് ഇൻസ്പെക്ടർ, വി എ സി ബി, പത്തനംതിട്ട അന്വേഷണം നടത്തി അന്വേഷണ വിവരം ചുവടെ ചേർക്കുന്നു.

8. അന്വേഷണഫലത്തിന്റെ ചുരുക്കം :

ശ്രീ. ബൈജുകുമാറും, അദ്ദേഹത്തിന്റെ സംഘവും മണ്ണാരക്കുളഞ്ഞി, കുമ്പളാം പൊയ്ക, നരിക്കുഴി, കന്നാൻപാലം, മനോരമമുക്ക്, പുവത്തുമൂട്, പുതുക്കട, രാജാംപാറ, പുങ്കാവനം, കമ്പകത്തുംവളവ്, ആര്യാട്ട്കവല, അട്ടത്തോട്, വനമധ്യം ചാലക്കയം എന്നീ ഭാഗങ്ങളിൽ റോഡ് ടാറിംഗിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയതിൽ അപാകതയൊന്നും കാണുന്നില്ല. എന്നാൽ വടശ്ശേനിക്കര ഡെൽറ്റാ കമ്പനിയുടെ ഡമ്പിംഗ് സൈറ്റിന് സമീപം റോഡിന് 6.7 മീറ്റർ വീതിയും മേല്പടി റോഡിന്റെ വടക്ക് വശത്ത് 170 സെ.മീ നീളത്തിലും 130 സെ.മീ വീതിയിലും ബി സി ടാറിംഗ് ഇളകിയതായി അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ദീർഘകാല മെയിന്റനൻസ് കരാർ ചെയ്തിട്ടുള്ള കരാറുകാരനെ കൊണ്ട് ബി സി ടാറിംഗ് മെയിന്റയിൻ ചെയ്യുന്നതിന് പകരം പി.ഡബ്ളിയു.ഡി ടാറിംഗാണ് നടത്തിയിട്ടുള്ളത്. മേൽപ്പടി മെയിന്റനൻസ് കരാറുകാരനെ കൊണ്ട് യഥാസമയം ബി സി ടാറിംഗ് നടത്താത്തത് സൂപ്പർവൈസറി ഉദ്യോഗസ്ഥരായ ളാഹ പി.ഡബ്ളിയു.ഡി സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എൻജിനിയർ, ഓവർസിയർ എന്നിവരുടെ ഭാഗത്തുള്ള വീഴ്ച്ചയാണ്.

9. ശുപാർശകൾ :-

1. ദീർഘകാല മെയിന്റനൻസ് കരാർ ചെയ്തിട്ടുള്ള കരാറുകാരനെ കൊണ്ട് യഥാസമയം തന്നെ മെയിന്റനൻസ് ചെയ്യിക്കുന്നതിനും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ കൃത്യത പാലിക്കുന്നതിനും, സൂപ്പർവൈസിംഗ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുന്നതിന് ശുപാർശ ചെയ്യുന്നു.

spare copy
11990/E2/15/Vig. 1

5

*'CORRUPTION, A CRIME AGAINST NATION'*

പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
ദക്ഷിണ മേഖല, പൊട്ടക്കുഴി
തിരുവനന്തപുരം

**നം. എസ് സി 04/2015/പി.റ്റി.എ** തീയതി ; .06.2015

## പുറത്തെഴുത്ത്

| | | |
|---|---|---|
| 1. പരാതിക്കാരന്റെ (ക്കാരുടെ) പേരും മേൽവിലാസവും (ങ്ങളും) (അജ്ഞാതനായ/വ്യാജപ്പേരുള്ള അല്ലെങ്കിൽ സോഴ്സ് റിപ്പോർട്ട് പ്രകാരമുള്ളതാണെങ്കിൽ ആയത് സൂചിപ്പിക്കുക | : | ശ്രീ. ജറി ഈശോ ഉമ്മൻ |
| 2. പരാതിയുടെ തീയതി (തീയതി നൽകിയിട്ടില്ലെങ്കിൽ 'ഇല്ല' എന്ന് രേഖപ്പെടുത്തുക | : | ഇല്ല |
| 3. നേരിട്ട് കിട്ടിയതാണോ അതോ സർക്കാർ മുഖാന്തിരം കിട്ടിയതാണോ / വേറെ ഏതെങ്കിലും ഏജൻസി മുഖാന്തിരം കിട്ടിയതാണോ? | : | നേരിട്ട് |
| 4. ആരാണ് മിന്നൽ പരിശോധന നടത്തുന്നതിന് ഉത്തരവിട്ടത് (തീയതി ഉൾപ്പെടെ) | : | ഡയറക്ടർ, വി എ സി ബി-യുടെ 13.01.2015-ലെ റ്റി2/36646/2014 നമ്പർ കത്ത് |
| 5. എ. മിന്നൽ പരിശോധന നടന്ന സ്ഥലം | : | മണ്ണാരക്കുളഞ്ഞി - ചാലക്കയം റോഡ് |
| ബി. മിന്നൽ പരിശോധന നടന്ന തീയതി | : | 20.02.2015 |
| സി. മിന്നൽ പരിശോധന നടന്ന സമയം | : | 10.15 എ.എം |
| 6. ആരാണ് മിന്നൽ പരിശോധന നടത്തിയത് (ഹാജരുണ്ടായിരുന്ന വി.എ.സി.ബി, ഉദ്യോഗസ്ഥന്റെ (മാരുടെ) പേരും, തസ്തികയും | : | ശ്രീ. ബൈജുകുമർ, പോലീസ് ഇൻസ്പെക്ടർ, വി എ സി ബി, പി റ്റി എ. ശ്രീ. പി.എൻ. വിജയരാജ്, അസിസ്റ്റന്റ് എൻജിനിയർ, പി ഡബ്ളിയു ഡി റോഡ്സ് വിഭാഗം, ഇരവിപേരൂർ |

2. കൂടാതെ കരാറുകാരനെ കൊണ്ട് യഥാസമയം തന്നെ മെയിന്റനൻസ് ചെയ്യിക്കുന്നതിൽ വീഴ്ച്ച വരുത്തിയ ളാഹ പി.ഡബ്ളിയു.ഡി സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എൻജിനിയർ, ഓവർസിയർ എന്നിവരിൽ നിന്നും വിശദീകരണം വാങ്ങണം.

അന്വേഷണ ഉദ്യോഗസ്ഥന്റെ മേല്പറഞ്ഞ ശുപാർശകളോട് ഞാൻ യോജിക്കുന്നു. ആയതിനാൽ മേൽപറയുന്ന ശുപാർശകളിൽ പറയുന്ന കാര്യങ്ങൾ അംഗീകരിക്കുന്നതിനു വേണ്ടി ഈ റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

തമ്പി. എസ്. ദുർഗ്ഗാദത്ത്
പോലീസ് സുപ്രണ്ട് (ദക്ഷിണ മേഖല)

സെക്ഷൻ ഓഫീസർ